**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **14-01-2021 - ൽ മറുപടിയ്ക്ക്**

**ലഹരി മുക്ത നവകേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . വി. ടി. ബൽറാം** | | **Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത നവകേരളം എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത നവകേരളം എന്ന ലക്ഷ്യത്തോടെയാണ് 2016 ഒക്ടോബർ മാസത്തിൽ കേരള സംസ്ഥാന ലഹരിവർജ്ജനമിഷൻ 'വിമുക്തി' രൂപീകരിച്ചത്. ഇതിന്റെ ഭാഗമായി 2019 നവംബർ 1 മുതൽ ‘നാളത്തെ കേരളം ലഹരിമുക്ത നവ കേരളം’ എന്ന പേരിൽ തീവ്രയത്ന ബോധവത്കരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. കുട്ടികളും യുവാക്കളുമാണ് ലഹരി ദുരുപയോഗത്തിൽ എളുപ്പത്തിൽ വഴുതി വീഴാൻ സാധ്യതയുള്ളത് എന്നതിനാൽ സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച്, പി.റ്റി.എ., സ്കൂൾ ഡെവലപ്പ്മെന്റ് കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നു. ലഹരിക്കെതിരായ ആശയങ്ങൾ വ്യാപകമാക്കുന്നതിനായി വിമുക്തിജ്വാല, ലഹരിക്കെതിരെയുള്ള സന്ദേശങ്ങളുമായി ഭവന സന്ദർശനങ്ങൾ, യുവാക്കളേയും, വിദ്യാർത്ഥികളേയും ലഹരിയുടെ പിടിയിൽ അകപ്പെടാതെ അവരുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിനായി ‘ലഹരിക്കെതിരെ കായിക ലഹരി‘ എന്ന ആശയവുമായി വിവിധ കായിക മത്സരങ്ങൾ, ആദിവാസി-തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് യുവാക്കൾക്കായി കരിയർ ഗൈഡൻസ് ക്ലാസുകൾ, ഗ്രാമീണ വായനശാലകൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെയുള്ള സായാഹ്ന ചർച്ചകൾ, ലഹരിക്കെതിരെ ദീപം തെളിയിക്കൽ, ആദിവാസി മേഖലക്കായുള്ള ലഹരിമുക്തഗ്രാമം |

| | | | |
|---|---|---|---|
| | | | പദ്ധതിപ്രകാരം കരിയർ ഗൈഡൻസ് സെന്റർ, കായിക പരിശീലനം, ലൈബ്രറി സൗകര്യം, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതി തുടങ്ങിയവയും വിമുക്തിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ ലഹരി മോചന ചികിത്സ നൽകി സാധാരണ ജീവിതത്തിലേക്ക് തിരികെയെത്തിക്കുന്നതിനായി 'വിമുക്തി' മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളും, 3 മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. |
| (ബി) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വ്യക്തികളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന മാരകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും ലഹരി വിപത്തിൽ നിന്നും സമൂഹത്തെ സംരക്ഷിക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ സാധിച്ചതായി വിലയിരുത്തുന്നുണ്ടോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. |
| (സി) | കോവിഡ് 19 വ്യാപനത്തെ തുടർന്ന് ഉടലെടുത്തിട്ടുള്ള കനത്ത മാനസികസംഘർഷത്തിന്റെ അന്തരീക്ഷത്തിൽ കൂടുതൽ പേരെ ലഹരിയുടെ വഴിയിലേക്ക് നയിക്കുവാൻ ലഹരി മാഫിയയുടെ ഭാഗത്തുനിന്ന് ശ്രമം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (സി) | ഇല്ല. കോവിഡ് 19 വ്യാപനത്തെ തുടർന്ന് ഉടലെടുത്തിട്ടുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വിദ്യാർത്ഥി കളേയും യുവാക്കളേയും ലക്ഷ്യമിട്ട് "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ വനിത ശിശുവികസന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് ഓൺലൈൻ മുഖേന ലഹരിക്കെതിരെ വെബിനാറുകൾ, കഥ-കവിതാ രചനാ മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ലോക്ക്ഡൗൺ കാലയളവിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിങ്ങും ചികിത്സയും നൽകുന്നതിന് 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകളിലൂടെയുള്ള ചികിത്സാ സൗകര്യവും, 14405 എന്ന ടോൾഫ്രീ നമ്പർ മുഖേന 24 മണിക്കൂറും സൗജന്യ ടെലിഫോൺ കൗൺസിലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് കാലയളവിൽ കലാസാംസ്കാരിക സമിതികളും മറ്റ് കൂട്ടായ്മകളും സംഘടിപ്പിക്കുന്ന ഓൺലൈൻ വെബിനാറുകളിലും ക്ലാസുകളിലും എക്സൈസ് വകുപ്പിലെ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ ലഹരിക്കെതിരെയുള്ള സന്ദേശവും ക്ലാസുകളും നൽകി വരുന്നു. |
| (ഡി) | വിദ്യാർത്ഥികളെയും യുവാക്കളെയും ലഹരിക്കെതിരെ അണി നിരത്തുവാൻ സർക്കാർ തലത്തിൽ നടത്തുന്ന ശ്രമങ്ങൾ വിജയപ്രദമാണോ; വിശദമാക്കുമോ? | (ഡി) | അതെ. ലഹരിക്കെതിരെ കായിക ലഹരി എന്ന മുദ്രാവാക്യവുമായി സംഘടിപ്പിക്കപ്പെട്ട കലാകായിക മത്സരങ്ങളിലും "Run against Drugs" എന്ന മുദ്രാവാക്യവുമായി സംഘടിപ്പിക്കപ്പെട്ട ഹാഫ് |

| | | | |
|---|---|---|---|
| | | | മാരത്തോൺ മത്സരങ്ങളിലും ഉണ്ടായ യുവജന പങ്കാളിത്തം വെളിവാക്കുന്നത് ഈ ദിശയിലുള്ള സർക്കാരിന്റെ ശ്രമങ്ങൾ ഫലപ്രദമാണെന്നതാണ്. |

സെക്ഷൻ ഓഫീസർ